## പതിനാലാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1549
### 04/10/2016-ൽ മറുപടി നൽകേണ്ടത്

**ക്ഷേമ പെൻഷനുകൾ**

**ചോദ്യം**

ശ്രീ. വി.ഡി.സതീശൻ
,, റോജി എം. ജോൺ
,, ഐ.സി.ബാലകൃഷ്ണൻ
,, സണ്ണി ജോസഫ്

**ഉത്തരം**

ഡോ. ടി.എം.തോമസ് ഐസക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | ഒരാൾക്ക് ഒന്നിലധികം ക്ഷേമ പെൻഷനുകൾ ലഭിക്കുന്നത് തടയാൻ ധനകാര്യ വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ, വിശദമാക്കാമോ; | നിലവിൽ രണ്ട് പെൻഷൻ വാങ്ങുന്നവർക്ക് ഒരു പെൻഷൻ പുതുക്കിയ നിരക്കിലും രണ്ടാമത്തെ പെൻഷൻ പുതുക്കുന്നതിന് മുൻപുള്ള നിരക്കിലും കൈപ്പറ്റുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ സ്വന്തം ഫണ്ടിൽ നിന്നും പെൻഷൻ അനുവദിക്കുന്ന ക്ഷേമ നിധി ബോർഡുകളിൽ നിന്നും പെൻഷൻ വാങ്ങുന്ന ഗുണഭോക്താക്കൾക്കും വികലാംഗ പെൻഷൻ വാങ്ങുന്നവർക്കും ഒരു സാമൂഹ്യ സുരക്ഷാ പെൻഷനുകൂടി (ടി പെൻഷൻ, ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാലപെൻഷൻ, ഇന്ദിരാ ഗാന്ധി ദേശീയ വിധവാ പെൻഷൻ എന്നിവയിലൊന്നാണെങ്കിൽ അതിന്റെ കേന്ദ്രവിഹിതം മാത്രം) അർഹതയുണ്ടാവും എന്നും ഉത്തരവായിട്ടുണ്ട്. ഇൻഫർമേഷൻ കേരള മിഷന്റെ സഹകരണത്തോടുകൂടി പെൻഷൻ ഡേറ്റാബേസ് പരിഷ്കരിച്ച് പ്രസിദ്ധീകരിച്ച ശേഷം, പെൻഷൻ ലിസ്റ്റ് ക്രമീകരിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. 2016 മെയ് മാസം വരെ കുടിശ്ശികയായിരുന്ന സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഓണക്കാലത്ത് കുടിശ്ശിക തീർത്ത് വിതരണം ചെയ്തു. സർവ്വീസ് പെൻഷൻ വാങ്ങുന്നവർ |

| | | |
|---|---|---|
| | | പോലും സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അനർഹരെ ഒഴിവാക്കി ലിസ്റ്റ് ക്രമപ്പെടുത്തി, അവതാളത്തിലായിരുന്ന പെൻഷൻ വിതരണം കൃത്യമാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. |
| (ബി) | ക്ഷേമ പെൻഷനുകൾ അനുവദിക്കുന്നതിന് ആധാർ നിർബന്ധമാക്കുവാൻ ഉത്തരവായിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | ഇല്ല |
| (സി) | ക്ഷേമ പെൻഷൻകാരുടെ വിവരങ്ങൾ ക്രോഡീകരിക്കുവാൻ ഭരണതലത്തിൽ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ? | ക്ഷേമ / സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ആധാർ അടിസ്ഥാനത്തിൽ പരിശോധിച്ച് ഒരു ക്രോഡീകരിച്ച ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതിന് ഇൻഫർമേഷൻ കേരള മിഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

Ajith

സെക്ഷൻ ഓഫീസർ